# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 661** **11.12.2012- ൽ മറുപടിക്ക്**

### എമർജിങ് കേരളയുടെ നടത്തിപ്പ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ.കെ.വി.വിജയദാസ്<br>ശ്രീ.കെ.സുരേഷ്കുറുപ്പ്<br>ശ്രീ.സി.കെ.സദാശിവൻ | | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും<br>വകുപ്പ് മന്ത്രി) | |
| (എ) | എമർജിങ് കേരളയുടെ നടത്തിപ്പിന് ശേഷം നിക്ഷേപ - പ്രയോജന വിശകലനം നടത്തുകയുണ്ടായോ; വിശദമാക്കാമോ; | (എ) | ഉണ്ടായി.<br>എമർജിങ് കേരളയിൽ പങ്കെടുത്ത നിരവധി നിക്ഷേപകർ സംസ്ഥാനത്ത് വിവിധ മേഖലകളിൽ നിക്ഷേപത്തിന് താൽപര്യം പ്രകടിപ്പിച്ച് കൊണ്ട് മുന്നോട്ട് വരികയുണ്ടായി. ഇവർ സമർപ്പിച്ച പദ്ധതികൾ ബന്ധപ്പെട്ട വകുപ്പുകളുടെ പരിഗണനയിലാണ്. പദ്ധതികളുടെ വിശദാംശങ്ങൾ പഠന വിധേയമാക്കിയതിന് ശേഷം കേരളത്തിന്റെ സാഹചര്യത്തിന് അനുയോജ്യമായവയ്ക്ക് അനുമതി നൽകുന്നതാണ്. |
| (ബി) | എമർജിങ് കേരളയുടെ ഭാഗമായി കേരളത്തിലെ ജനങ്ങൾക്കിടയിലും കേരളത്തിന് പുറത്തുള്ള നിക്ഷേപകർക്കിടയിലും സർക്കാർ മാധ്യമങ്ങളിലൂടെയും എന്തെല്ലാം സംഗതികൾ പ്രചരിപ്പിച്ചിട്ടുണ്ടായിരുന്നു; അവ യാഥാർത്ഥ്യമാക്കാൻ സാധിക്കുകയുണ്ടായോ; വിശദമാക്കുമോ; | (ബി) | എമർജിങ് കേരളയുടെ ഭാഗമായി കേരളത്തിലും പുറത്തുമുള്ള നിക്ഷേപകർക്കിടയിൽ കേരളത്തിന്റെ സാധ്യതകളും അവസരങ്ങളും സംബന്ധിച്ചുള്ള വിവരങ്ങൾ ദൃശ്യമാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുകയുണ്ടായി. പൊതു ജനങ്ങൾക്ക് കേരളത്തിലെ വിവിധമേഖലകളിൽ നിലകൊള്ളുന്ന കൂടുതൽ അവസരങ്ങളേയും സാധ്യതകളേയും പരിചയപ്പെടുത്തിക്കൊടുക്കുവാനും ഇതുമൂലം കഴിഞ്ഞിട്ടുണ്ട്. എമർജിംഗ് കേരളയുടെ ഫലമായി പുതിയ നിക്ഷേപങ്ങൾക്കുള്ള നിർദ്ദേശങ്ങൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഈ പദ്ധതികൾ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ്. |

| | | | |
|---|---|---|---|
| (സി) | സർക്കാർ ഷോക്കേസ് ചെയ്ത വിവിധ പദ്ധതികൾ എത്രയായിരുന്നു; ഈ പദ്ധതികളിൽ ഓരോന്നിലും എത്ര പേർ വീതം മുതൽ മുടക്കാൻ മുന്നോട്ട് വരികയുണ്ടായി; എത്ര രൂപയുടെ നിക്ഷേപങ്ങൾക്ക് വ്യക്തമായ വാഗ്ദാനങ്ങളുണ്ടായി; ഇതിനായി സർക്കാർ ചെയ്തു കൊടുക്കണമെന്നാവശ്യപ്പെട്ട ഇളവുകളും അടിസ്ഥാന സൗകര്യങ്ങളും എന്തൊക്കെയാണ്; | (സി) | എമർജിങ് കേരളയിൽ സർക്കാർ വകുപ്പുകളും, ഏജൻസികളും, അനുയോജ്യമായ ചില സാദ്ധ്യതകൾ അവതരിപ്പിക്കുകയും, ഇവയിൽ പല മേഖലകളിലും പദ്ധതികൾ തുടങ്ങുവാൻ ഇതിൽ പങ്കെടുത്ത നിക്ഷേപകർ താൽപര്യം പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇവർ സമർപ്പിച്ച പദ്ധതികൾ ബന്ധപ്പെട്ട വകുപ്പുകളുടെ പരിഗണനയിലാണ്. അന്തിമ അനുമതികൾക്കുശേഷം മാത്രമേ എത്ര കോടി രൂപയുടെ നിക്ഷേപമുണ്ടായി എന്നു കണക്കാക്കുവാൻ കഴിയുകയുള്ളൂ. |
| (ഡി) | 'എമർജിങ് കേരള' പദ്ധതിയുടെ നടത്തിപ്പിന് സർക്കാർ നേരിട്ടും വിവിധ വകുപ്പുകളും സ്ഥാപനങ്ങളും വഴിയും എന്തു തുക ചെലവഴിക്കുകയുണ്ടായി; വിശദമാക്കാമോ? | (ഡി) | കെ.എസ്.ഐ.ഡി.സി എമർജിംഗ് കേരള പദ്ധതിയുടെ നോഡൽ ഏജൻസിയാണ്. ഈ പദ്ധതിയുടെ നടത്തിപ്പിന് വേണ്ടി കെ.എസ്.ഐ.ഡി.സി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# Expenditure for the Emerging Kerala - 2012

| Particulars | Amount (Rs in lakhs) |
|---|---|
| Print Advertisement | 302.65 |
| E.K. Campaign Shoot | 20.00 |
| Hoardings | 47.18 |
| Media Campaign | 51.43 |
| Online Promotion | 8.59 |
| TV Panel Discussions | 136.03 |
| Airport Translates | 65.70 |
| Sticker in Airports | 49.46 |
| Other Advertisement and Publicity including Meets in Kerala | 121.83 |
| Website development and updating | 3.52 |
| Logo Launch and Logo Release | 5.08 |
| Food & Accommodation & Hall Rental Charges | 321.02 |
| Domestic and International Road shows | 133.56 |
| Transportation and Traveling | 54.11 |
| Venue Infrastructure Arrangement | 235.81 |
| Others | 107.90 |
| **Total** | **1667.09** |

Section Officer